# എൽആർസി സെമിനാർ 15 മുതൽ

കൊച്ചി: സീറോ-മലബാർ സഭയുടെ ഗവേഷണ പഠനകേന്ദ്രമായ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ (എൽആർസി) 55-ാമത് സെമിനാർ മാർച്ച് 15, 16 തിയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കും. 15നു രാവിലെ 10ന് ആരംഭിച്ച് 16നു വൈകിട്ട് 4നു സെമിനാർ സമാപിക്കും. എൽആർസി ചെയർമാൻ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ സെമിനാർ ഉദ്ഘാടനം ചെയ്യും. കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിക്കും. ശ്രീ. എം. പി. ജോസഫ് ഐഎഎസ് (റിട്ട.) മുഖ്യാതിഥിയാകും. ബിഷപ്പ് മാർ റെമിജീയൂസ് ഇഞ്ചനാനിയിൽ ആമുഖപ്രഭാഷണവും റവ. ഡോ. സൂരജ് പിട്ടാപ്പിള്ളിൽ മുഖ്യപ്രഭാഷണവും നടത്തും.

"സീറോ-മലബാർ സഭയുടെ വളർച്ചയും നവീകരണവും ഭാവിയിലേക്കുള്ള ദിശാബോധവും" എന്നതാണ് സെമിനാറിന്റെ വിഷയം. സീറോ-മലബാർ സഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായാണ് സെമിനാർ സംഘടിപ്പിക്കുന്നതെന്ന് എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ പത്രക്കുറിപ്പിൽ അറിയിച്ചു.

സീറോ-മലബാർ സഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായിട്ട് 25 വർഷം പിന്നിടുമ്പോൾ സഭയുടെ നാളിതുവരെയുള്ള ഘടനാപരമായ വളർച്ചയും വികാസവും വിലയിരുത്തുക എന്നതാണ് സെമിനാറിന്റെ ലക്ഷ്യം. സഭയുടെ മുന്നോട്ടുള്ള യാത്രയിൽ നവീകരണത്തിന്റേയും നവോത്ഥാനത്തിന്റേയും ഉൾക്കാഴ്ച്ചകൾ സ്വരൂപിക്കുക, സുവിശേഷവൽക്കരണ ദൗത്യത്തിനായി പുതിയ മാനങ്ങൾ തേടുക എന്നിവ കൂടി സെമിനാറിൽ പഠനവിധേയമാക്കും.

16നു വൈകുന്നേരം 4നു സമാപനസമ്മേളനത്തിൽ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സന്ദേശം നൽകും. ഡോ. താങ്സി ഫ്രാൻസീസ് തെക്കേക്കര ഐഎഎസ് (റിട്ട.) മുഖ്യാതിഥിയാകും.

ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, ബിഷപ്പ് മാർ ജോസ് പൊരുന്നേടം, ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ബിഷപ്പ് മാർ റെമിജീയൂസ് ഇഞ്ചനാനിയിൽ, റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, റവ. ഡോ. ഫ്രാൻസീസ് എലുവത്തിങ്കൽ, റവ. ഡോ. ജെയിംസ് തലച്ചെല്ലൂർ, റവ. ഡോ. ജോസ് കുറിയേടത്ത് സിഎംഐ, റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ, മോൺസി. ഡോ. ആന്റണി നരികുളം, റവ. ഡോ. പോളി മണിയാട്ട്, റവ. ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ, റവ. ഡോ. ജിഷി മേക്കാട്ടുകുളം, ഡോ. റീത്താമ്മ കെ. വി., അഡ്വ. ജോസ് വിതയത്തിൽ, റവ. ഡോ. സി. മരിയ ആന്റോ സിഎംസി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

21-ാം നൂറ്റാണ്ടിൽ സീറോ-മലബാർ സഭയുടെ സുവിശേഷാത്മകമായ സ്വത്വം, സഭയുടെ ചരിത്രപശ്ചാത്തലം - ഒരവലോകനം, ഇന്ത്യയിലെ തന്നെ പ്രവാസികളായ സീറോ-മലബാർ സഭാംഗങ്ങളുടെ സുവിശേഷവൽക്കരണവും അജപാലനദൗത്യവും, ഇന്ത്യയൊന്നാകെയുള്ള സഭയുടെ അജപാലനദൗത്യത്തിന്റെ വെല്ലുവിളികൾ, സഭയുടെ ആഗോളമാനവും സാർവത്രിക ദൗത്യവും, സ്വയംഭരണാധികാരസഭയായി ഉയർത്തപ്പെടാനുള്ള ചരിത്രപരവും കാനോൻ നിയമപരവുമായ അടിസ്ഥാനങ്ങൾ, സിനഡ് സംവിധാനത്തിന്റെയും നിയമാനുസൃതമായ സ്ഥാനത്തിന്റെയും കാനോനികമായ മാനങ്ങളും വെല്ലുവിളികളും, സീറോ-മലബാർ സഭയുടെ വ്യക്തിഗത നിയമസംഗ്രഹം - ഒരവലോകനം, സഭയുടെ ആത്മീയവഴിത്താര, കേരളത്തിന്റെ രാഷ്ട്രീയസാമൂഹ്യതലങ്ങളിൽ സഭയുടെ കർമ്മവീഥി എന്നീ വിഷയങ്ങൾ സെമിനാറിൽ അവതരിപ്പിക്കും. കൂടാതെ ആരാധനക്രമത്തെക്കുറിച്ചും സുവിശേഷവൽക്കരണദൗത്യത്തെക്കുറിച്ചും വിവിധ പാനൽ ചർച്ചകളും ഉണ്ടാകും.

മെത്രാൻമാർ, സെമിനാരി പ്രൊഫസേഴ്സ്, രൂപതകളിൽ നിന്നും സമർപ്പിതസമൂഹങ്ങളിൽ നിന്നും പ്രതിനിധികൾ, വിവിധ കമ്മീഷനുകളുടെ പ്രതിനിധികൾ, തത്വശാസ്ത്രം, ദൈവശാസ്ത്രം മുതലായ വിഷയങ്ങളിൽ ഉപരിപഠനം നടത്തിയിട്ടുള്ളവർ, ഗവേഷണപഠനത്തിൽ ഏർപ്പെട്ടിട്ടുള്ളവർ എന്നിവരെയും സെമിനാറിൽ പങ്കെടുക്കുവാൻ പ്രതീക്ഷിക്കുന്നു.

സീറോ-മലബാർ സഭയുടെ ഗവേഷണപഠനകേന്ദ്രം എന്ന നിലയിൽ വിവിധ വിഷയങ്ങളിൽ ഉന്നതപഠനം നടത്തിയിട്ടുള്ളവർക്കും ഗവേഷണപഠനങ്ങൾ നടത്തുന്നവർക്കും ഒത്തുചേർന്ന് ക്രിയാത്മകവും പഠനം നടത്തുന്നതിനുള്ള സാഹചര്യം സംജാതമാക്കുക എന്നതാണ് എൽആർസി സെമിനാറുകൾകൊണ്ട് മുഖ്യമായും വിഭാവനം ചെയ്യുന്നത്. എൽആർസി 55-ാമത് സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 12നു മുൻപ് പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 9497324768/ 0484-2425727 **Email: lrcsyromalabar@gmail.com.**